**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2120 17.06.2014-ൽ മറുപടി നൽകേണ്ടിയിരുന്നത്**

## 2013-14-ലെ നികുതി ചോർച്ച

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.വി. വിജയദാസ് | | ഡോ. ടി.എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | 2013-14 വർഷത്തിൽ വിവിധ ഇനങ്ങളിലായി ഉണ്ടായ നികുതി ചോർച്ച എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | 2013-14 വർഷത്തിൽ വിവിധ ഇനങ്ങളിലായി ഉണ്ടായ നികുതി ചോർച്ച 54.45 കോടി രൂപ എന്ന് കണക്കാക്കുന്നു. നികുതി നിരക്ക് കുറച്ച് കാണിക്കൽ, അധിക ഇൻപുട്ട് ടാക്സ് ക്ലെയിം, closing Stock തെറ്റായി വിശകലനം ചെയ്യൽ, മതിയായ രേഖകൾ ഇല്ലാതെ ചെക്ക്പോസ്റ്റ് വഴിയുള്ള ട്രാൻസ്പോർട്ടേഷൻ എന്നിവയിലൂടെയാണ് ഇത് സംഭവിച്ചിരിക്കുന്നത്. |
| (ബി) | ചെക്ക് പോസ്റ്റുകളിൽ ടി കാലയളവിൽ നികുതി വരുമാനത്തിൽ കുറവ് വന്നതായി കണക്കാക്കപ്പെട്ടിട്ടുണ്ടോ? | (ബി) | നികുതി വരുമാനത്തിൽ കുറവ് വന്നതായി കണക്കാക്കപ്പെട്ടിട്ടില്ല. 2012-2013 വർഷം നികുതി വരുമാനം 925.01 കോടി രൂപയായിരുന്നത് 2013-2014 വർഷം 1021.76 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

2——